ആരെങ്കിലും ഒരു നന്മയിലേക്ക് വഴികാണിച്ചാൽ അവന് അത്
ചെയ്തവൻ്റേതിന് സമാനമായ പ്രതിഫലമുണ്ട്
അബൂ മസ്ഊദ് അൽ അൻസ്വാരി -هُْنَع هُ

َ ِض َي الل
ر- നിവേദനം: ഒരാൾ നബി صلى الله عليه وسلم യുടെ അരികിൽ വന്നു കൊണ്ട്
പറഞ്ഞു: "എൻ്റെ വാഹനമൃഗം ചത്തുപോയിരിക്കുന്നു; അതിനാൽ എന്നെ (വാഹനത്തിൽ)
വഹിച്ചാലും." അപ്പോൾ നബി صلى الله عليه وسلم പറഞ്ഞു: "എൻ്റെ പക്കൽ (വാഹനം) ഇല്ല." അപ്പോൾ ഒരാൾ പറഞ്ഞു:
"അല്ലാഹുവിൻ്റെ റസൂലേ! അവനെ വഹിക്കുന്ന ഒരാളെ ഞാൻ പറഞ്ഞു കൊടുക്കാം." നബി صلى الله عليه وسلم പറഞ്ഞു:
"ആരെങ്കിലും ഒരു നന്മയിലേക്ക് വഴികാണിച്ചാൽ അവന് അത് ചെയ്തവൻ്റേതിന് സമാനമായ
പ്രതിഫലമുണ്ട്."
[صحيح] [رواه مسلم]
ഒരാൾ നബി صلى الله عليه وسلم യുടെ അരികിൽ വന്നു കൊണ്ട് പറഞ്ഞു: "എൻ്റെ യാത്രാവാഹനം നശിച്ചിരിക്കുന്നു.
അതിനാൽ എന്നെ ഒരു യാത്രാമൃഗത്തിന് മേൽ വഹിച്ചാലും. അതല്ലെങ്കിൽ എന്നെ ലക്ഷ്യസ്ഥാനത്ത്
എത്തിക്കുന്ന ഒരു വാഹനം എനിക്ക് നൽകിയാലും." അപ്പോൾ നബി صلى الله عليه وسلم അയാളോട് ഒഴിവുകഴിവ് പറഞ്ഞു;
അവിടുത്തെ പക്കൽ അയാളെ വഹിക്കാനുള്ള വാഹനമില്ലെന്നും അറിയിച്ചു. ഇത് കേട്ടപ്പോൾ
അവിടെ സന്നിഹിതനായിരുന്ന ഒരാൾ പറഞ്ഞു: "അല്ലാഹുവിൻ്റെ റസൂലേ! അവനെ വഹിക്കാൻ കഴിയുന്ന
ഒരാളെ ഞാൻ പറഞ്ഞു കൊടുക്കാം." അപ്പോൾ നബി صلى الله عليه وسلم പറഞ്ഞു: "വാഹനം നൽകി അവനെ
സഹായിക്കുന്നവൻ്റെ പ്രതിഫലത്തിൽ അവനും പങ്കാളിയാണ്. കാരണം അവനാണ് ആവശ്യക്കാരനെ
അതിലേക്ക് വഴികാണിച്ചത്."
https://sunnah.global/hadeeth/ml/show/5354